**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1780** **10.02.2020-ൽ മറുപടിയ്ക്ക്**

**വാഹൻ വെബ്സൈറ്റ്**

| | ചോദ്യം<br>ശ്രീ.ഷാഫി പറമ്പിൽ | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്തെ വാഹനങ്ങളുടെ വിശദാംശങ്ങൾ രാജ്യവ്യാപക കമ്പ്യൂട്ടർ ശൃംഖലയായ 'വാഹൻ'-ലേക്ക് ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ; | (എ) | 01.04.2019 മുതൽ സംസ്ഥാനത്തെ മോട്ടോർ വാഹന വകുപ്പിന്റെ കീഴിൽ വരുന്ന എല്ലാ ഓഫീസുകളിലും 'വാഹൻ' നടപ്പിൽ വരുത്തിയിട്ടുണ്ട്. പുതിയ വാഹനങ്ങളുടെ രജിസ്ട്രേഷൻ 'വാഹൻ' വഴിയാണ്. സംസ്ഥാനത്തെ 1.35 കോടിയിലേറെ വരുന്ന വാഹനങ്ങളുടെ ഡാറ്റ പഴയ സോഫ്റ്റ് വെയറായ 'സ്മാർട്ട് മൂവിൽ' നിന്നും പല ഘട്ടങ്ങളിലായി 'വാഹൻ'-ലേക്ക് മാറ്റപ്പെട്ട് കഴിഞ്ഞു. കറക്ഷൻസോ, മിസ്സിംഗ് ഡാറ്റയോ ഉണ്ടെങ്കിൽ അടുത്ത 6 മാസത്തിനുള്ളിൽ വാഹന ഉടമകളുടെ പങ്കാളിത്തത്തോട് കൂടി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ തയ്യാറാക്കി വരുന്നു. |
| (ബി) | ഇതുമൂലം ചെക്ക് പോസ്റ്റുകളിൽ പെർമിറ്റ് വിതരണം ഓൺലൈനായി നൽകുവാൻ സാധിക്കുമോ; വിശദമാക്കുമോ; | (ബി) | ചെക്ക്പോസ്റ്റിൽ പ്രധാനമായും മൂന്ന് തരത്തിലുള്ള പെർമിറ്റുകൾ ആണ് ഇപ്പോൾ നൽകി വരുന്നത്.<br>i) കേരള കോൺട്രാക്ട് കാര്യേജ് വാഹനങ്ങളുടെ സ്പെഷ്യൽ പെർമിറ്റ്:- ഇതിൽ കേരള വാഹനങ്ങളുടെ സ്പെഷ്യൽ പെർമിറ്റ് ആർ.ടി ഓഫീസ് മുഖാന്തിരം ഓൺലൈനായി ചെയ്യുവാനുള്ള സംവിധാനം നിലവിൽ വന്നു കഴിഞ്ഞു. ആയതിനാൽ ഇത്തരം പെർമിറ്റുകൾ ചെക്ക്പോസ്റ്റിനെ സമീപിക്കാതെ തന്നെ വാഹന ഉടമകൾക്ക് ലഭ്യമാകുന്നതാണ്.<br>ii) അന്യസംസ്ഥാന വാഹനങ്ങളുടെ ഇ. വി. പെർമിറ്റ്<br>iii) അന്യസംസ്ഥാന വാഹനങ്ങളുടെ താൽക്കാലിക പെർമിറ്റ്:- അന്യസംസ്ഥാനത്ത് നിന്ന് സ്പെഷ്യൽ പെർമിറ്റ് ഇല്ലാതെ വരുന്ന മോട്ടോർ ക്യാബ്, കോൺട്രാക്ട് കാര്യേജ് ഉടങ്ങിയ വാഹനങ്ങളുടെ ഇ.വി. പെർമിറ്റ് (Extension of validity) ചെക്ക്പോസ്റ്റ് വഴിയുള്ള (ii & iii) പെർമിറ്റ് എൻ.ഐ.സി ഡൽഹിയുമായി ബന്ധപ്പെട്ട് Enable ചെയ്യുവാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (സി) | ഇതരസംസ്ഥാന വാഹനങ്ങൾ സംസ്ഥാനത്തേക്ക് പ്രവേശിക്കുമ്പോൾ നികുതി 'വാഹൻ' വെബ്സൈറ്റ് വഴി ട്രഷറിയിലേക്ക് അടയ്ക്കുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | ഇല്ല. ഇതിലേക്കുള്ള വാഹൻ മൊഡ്യൂൾ സോഫ്റ്റ് വെയർ നമ്മുടെ സംസ്ഥാനത്തിന്റെ പെയ്മെന്റ് ഗേറ്റ് വേ ആയ ഇ-ട്രഷറിയുമായി ബന്ധിപ്പിക്കേണ്ടതുണ്ട്. ആയതിന്റെ നടപടികളും സോഫ്റ്റ്. വെയർ ടെസ്റ്റിംഗും പൂർത്തിയാകുന്ന മുറയ്ക്ക് ഈ സംവിധാനം നിലവിൽ വരുന്നതാണ്. |

**സെക്ഷൻ ഓഫീസർ**